# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം.258 — 13.03.2020 -ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ ഐ.സി.ടി. ഉപകരണങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ.ടി. വി. ഇബ്രാഹിം
ഡോ .എം. കെ. മുനീർ
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ. പാറക്കൽ അബ്ദുല്ല

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) പൊതുവിദ്യാഭ്യാസ ശക്തീകരണ യജ്ഞത്തിന്റെ ഭാഗമായി നൽകിയ പ്രൊജക്ടർ, ലാപ്ടോപ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

എ) പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവയുടെ ഉപയോഗം സംബന്ധിച്ച് ഇതുവരെ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ സ്കൂളുകൾക്ക് ലഭ്യമാക്കിയ ഉപകരണങ്ങൾ പരമാവധി കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും ഉപയോഗിക്കാത്ത ഉപകരണങ്ങളുണ്ടെങ്കിൽ അവ സ്കൂളുകളിൽ നിന്ന് തിരിച്ചെടുക്കുന്നതിനും സ്കൂൾ അധികൃതരും വിദ്യാഭ്യാസ വകുപ്പിനു വേണ്ടി കൈറ്റും ധാരണാപത്രത്തിൽ ഒപ്പിട്ടശേഷമാണ് ഉപകരണ വിതരണം നടത്തിയത്.

2060 ഹൈടെക് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ സഹായത്താൽ അമ്മമാർക്ക് പ്രത്യേക ഐ.ടി. പരിശീലനം ക്രമീകരിക്കുകയും പ്രസ്തുത പരിശീലനത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിന് രക്ഷകർത്താക്കൾക്കും

ഇടപെടാൻ കഴിയുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിന് കൈറ്റിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് 2018-19 ലും 2019-20 ലും ഓൺലൈൻ സർവേയും ഓഡിറ്റും നടത്തിയിട്ടുണ്ട്.

ഓരോ സ്കൂളിനും നൽകുന്ന ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച പ്രത്യേക ബോർഡ് ഓരോ സ്കൂളിലും സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

ബി) ഇത്തരത്തിൽ ലഭിച്ച ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുയോ അല്ലെങ്കിൽ അദ്ധ്യാപകർ സ്വകാര്യ ആവശ്യത്തിനായി ഉപയോഗിക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

ബി) കൈറ്റ് മുഖാന്തിരം നടത്തിയ സർവെ/ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ 0.01% അദ്ധ്യാപകർ മാത്രമാണ് ഉപകരണങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20 -ൽ നടത്തിയ സർവെയുടെ പ്രാഥമിക കണക്കനുസരിച്ച് 99.99% അദ്ധ്യാപകരും ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി പാഠവിനിമയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

സ്കൂളിന്റെ പ്രവർത്തനങ്ങളേയും കുട്ടികളുടെ പഠനത്തേയും ബാധിക്കാത്ത വിധത്തിൽ ബന്ധപ്പെട്ട അധികാരികളുടെ അറിവോടെ ആവശ്യമെങ്കിൽ അദ്ധ്യാപകർക്ക് സ്വകാര്യ ആവശ്യത്തിനല്ലാതെ ഉപകരണങ്ങൾ വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കാവുന്നതാണ്. 2019-20 ലെ സർവെ പ്രകാരം 28% അദ്ധ്യാപകർ പാഠഭാഗങ്ങൾ തയ്യാറാക്കുന്നതിനായി ലാപ്ടോപ്പ് വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങളുടെ ഉപയോഗം സജീവമാക്കാൻ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ? | സി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കും ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സ്കൂളുകൾക്ക്നൽകിയ ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കുന്നതിനും ഉപയോഗിക്കാത്തവയുണ്ടെങ്കിൽ അവ സ്കൂളുകളിൽ നിന്ന് തിരിച്ചെടുക്കുന്നതിനും സ്കൂൾ അധികൃതരും വിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റും ധാരണാപത്രത്തിൽ ഒപ്പിട്ടശേഷമാണ് ഉപകരണ വിതരണം നടത്തിയത്.<br><br>2060 ഹൈടെക് വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബുകളുടെ സഹായത്താൽ അമ്മമാർക്ക് പ്രത്യേക ഐ. ടി. പരിശീലനം ക്രമീകരിക്കുകയും പ്രസ്തുത പരിശീലനത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിന് രക്ഷകർത്താക്കൾക്കും ഇടപെടാൻ കഴിയുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിന് കൈറ്റിലെ മാസ്റ്റർ ട്രെയിനർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് 2018-19 ലും 2019-20 ലും ഓൺലൈൻ സർവേയും ഓഡിറ്റും നടത്തിയിരുന്നു |

ഓരോ സ്കൂളിനും നൽകുന്ന ഉപകരണങ്ങളുടെ എണ്ണം സംബന്ധിച്ച പ്രത്യേക ബോർഡ് ഓരോ സ്കൂളിലും സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിലേയ്ക്ക് വാങ്ങാവുന്ന ഉപകരണങ്ങൾ അവയ്ക്കാവശ്യമായ മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ തുടങ്ങിയവ ഉൾപ്പെടുത്തി പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.

ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് വിതരണം ചെയ്ത എല്ലാ ഉപകരണങ്ങൾക്കും 5 വർഷ വാറണ്ടി, പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം, കോൾ സെന്റർ സംവിധാനം, ജില്ലകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം, ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തിയിട്ടുണ്ട്.

ഹാർഡ്‌വെയർ പരാതികൾ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ പരിഹരിച്ചില്ലെങ്കിൽ വിതരണ ക്കാരിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള സംവിധാനം ഉണ്ട്.

സെക്ഷൻ ഓഫീസർ